പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1031

14/06/2012-ൽ മറുപടി
നല്കേണ്ടത്

ഭൂരഹിതർക്ക് ഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.റ്റി. ജോർജ്ജ്:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. എം. പി. വിൻസെന്റ്:<br>ശ്രീ. റ്റി.എൻ. പ്രതാപൻ: | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) കേരള സംസ്ഥാനത്തെ 2015-ാം ആണ്ടോടുകൂടി ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് Zero Landless (citizens) Kerala 2015 എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രാരംഭ നടപടിയായി സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരുടെയും വിവരം ശേഖരിക്കുന്നതിന് അപേക്ഷാ ഫാറങ്ങളുടെ വിതരണം വില്ലേജാഫീസുകൾ മുഖേന 09/03/2012ന് ആരംഭിച്ചിട്ടുള്ളതും ആയത് 18/06/2012ന് അവസാനിക്കുന്നതുമാണ്. വില്ലേജ് ആഫീസുകളിൽ തിരികെ ലഭിക്കുന്ന പൂരിപ്പിച്ച അപേക്ഷകളിന്മേൽ വില്ലേജ് ആഫീസർ, തഹസീൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന 30/06/2012ൽ പൂർത്തിയാക്കുന്നതിനും, സംസ്ഥാനത്ത് ആകെയുള്ള ഭൂരഹിതരുടെ കണക്ക് താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റികളുടെ അംഗീകാരത്തിനായുള്ള അന്തിമ ലിസ്റ്റ് 15/08/2012 ന് പ്രസിദ്ധീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി പൈലറ്റ് പ്രോജക്റ്റായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;<br><br>(സി) സർക്കാർ വക ഭൂമി കൂടുതലുള്ള ജില്ലകളിലേയ്ക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) യും (സി) യും<br>പ്രസ്തുത പദ്ധതി സംസ്ഥാനാടിസ്ഥാനത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരമുള്ള അപേക്ഷാ ഫാറങ്ങളുടെ വിതരണം എല്ലാ ജില്ലകളിലും വില്ലേജാഫീസുകൾ മുഖേന 09/03/2012ൽ ആരംഭിച്ചിട്ടുള്ളതാണ്, അത് 18/06/2012ൽ അവസാനിക്കുന്നതുമാണ് |

സെക്ഷൻ ഓഫീസർ